# Malayala Manorama

## 27 August 2018

## Chalakkudy, After Flood, Flood Victims, Books and Bags will be Provided



# പ്രളയത്തിൽ നഷ്ടമായവർക്ക് ബുക്കും ബാഗും ഉൾപ്പെടെ നൽകും: മന്ത്രി

## പുസ്തകം അച്ചടി കഴിഞ്ഞു

**മനോരമ ലേഖകൻ**

ചാലക്കുടി • സംസ്ഥാനത്തെ എല്ലാ സ്കൂളുകളും ഓണാവധിക്കു ശേഷം 29നു തന്നെ തുറക്കുമെന്നു മന്ത്രി സി. രവീന്ദ്രനാഥ്. ആദ്യ മൂന്നു പ്രവൃത്തി ദിവസങ്ങളിൽ വിദ്യാർഥികൾക്കു നഷ്ടപ്പെട്ട സാധനങ്ങളുടെ ലിസ്റ്റ് ശേഖരിക്കും.

നശിച്ചു പോയ ടെക്സ്റ്റ് ബുക്ക് മാത്രമാണു സർക്കാർ നൽകുകയെന്ന പ്രചാരണം ശരിയല്ല. ബാഗ്, നോട്ട്ബുക്ക് എന്നിവയും നൽകും. പകരം വിതരണം ചെയ്യാനുള്ള 35 ലക്ഷം ടെക്സ്റ്റ് ബുക്കുകളുടെ അച്ചടി പൂർത്തിയായി.

സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തി മാത്രമാകും അധ്യയനം ആരംഭിക്കുക.

വെള്ളപ്പൊക്കത്തിൽ നിറഞ്ഞ കിണറുകൾ വറ്റിക്കേണ്ട ആവശ്യമില്ല. സ്കൂളുകളിലെ കിണറുകളിലെല്ലാം ഇന്നും നാളെയുമായി ക്ലോറിനേഷൻ നടത്തും. കുടിക്കാനുള്ള വെള്ളം തിളപ്പിച്ചു നൽകണമെന്നും മന്ത്രി നിർദേശിച്ചു.